# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2384

## 09.12.2014-ലെ മറുപടിക്ക്

## സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ ബാങ്ക് നിക്ഷേപം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീമതി. പി.അയിഷാ പോറ്റി | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ഗ്രാന്റ് ഇൻ എയ്ഡ്, പദ്ധതി നടത്തിപ്പിനുള്ള സഹായം എന്നീ ഇനങ്ങളിൽ സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ പണം പ്രസ്തുത സ്ഥാപനങ്ങൾ ട്രഷറിയിൽനിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ | ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ /സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു മേഖലാസ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട് (27.3.2014 തീയതിയിലെ സർക്കുലർ നം.31/2014/ധന.)<br>ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ പണം ട്രഷറിയിൽനിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | അത്തരം സ്ഥാപനങ്ങളുടെയും പണം നിക്ഷേപിക്കപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെയും നിക്ഷേപത്തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) | പദ്ധതി തുകകൾ ബാങ്കിൽ നിക്ഷേപിക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് ആയതിന്റെ പലിശ തുക സർക്കാരിന്റെ റവന്യൂ ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം ആയതിന് നടപടി സ്വീകരിക്കുമോ; | ബാങ്ക് നിക്ഷേപത്തിൻമേൽ പലിശ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യങ്ങളിലെല്ലാം അത് സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.